Reg. No............................................... Name............................................ **18U307**

# B. A. / B. Sc. DEGREE END SEMESTER EXAMINATION - OCTOBER 2018

## SEMESTER – 3: ADDITIONAL LANGUAGE MALAYALAM

## COURSE: 15U3CCMAL3A, ARANGUM PORULUM

*(For Regular - 2017 Admission and Supplementary / Improvement 2016 & 2015 Admissions)*

Time: Three Hours Max. Marks: 75

### എ വിഭാഗം

**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

1. "നിനച്ചവണ്ണമല്ല ദൈവമാർക്കുമേ" ആരുടെ വാക്കുകൾ?
2. രാജസേവ പരമപുരുഷാർത്ഥമായി സ്വീകരിച്ചിട്ടുള്ള കൂത്ത് ഏതാണ്?
3. 'ഈ ദുഷ്ടൻ വിട്ടുപോകുന്നില്ല.ഞാൻ വേറൊരിടത്തേക്കു പൊയ്ക്കളയാം' ശകുന്തള പരാമർശിക്കുന്ന ദുഷ്ടൻ ആരാണ്?
4. 'പാവം ഉസ്മാൻ' എന്ന നാടകസമാഹാരം രചിച്ചതാര്?
5. 'പഥേർ പാഞ്ചാലി'യിലെ കുടുംബം നേരിടുന്ന മുഖ്യ പ്രശ്നമെന്ത്?
6. 'ഏഴു രാത്രികൾ' ആരുടെ നാടകമാണ്?
7. 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയെ ആധാരമാക്കി എം.ടി. സംവിധാനം ചെയ്ത സിനിമ ഏത്?
8. 'മണിപ്രവാള ശാകുന്തള'ത്തിന്റെ കർത്താവാര്?
9. കേരളത്തിൽ ഉണ്ടായ ആദ്യ സംസ്കൃത നാടകം ഏത്?
10. അല്ലാ – ശരിക്കും അതെന്തോന്നാ? മോതിരമോ വളയോ മറ്റോ ആണോ? ശാരദ്വതൻ ചോദിക്കുന്നത് എന്തിനെപ്പറ്റിയാണ്? (1 x 10 = 10)

### ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. "ശരിക്കും ഇയാളെ മരണനെന്നാ വിളിക്കേണ്ടത്" ആരെക്കുറിച്ചാണ് പരാമർശം? എന്തുകൊണ്ടാണ് അങ്ങനെപറയുന്നത് ?
12. "ഇതിപ്പം അവിടെയും പ്രശ്നമാണല്ലോ. രമണോ- താനിങ്ങനെ തെന്നി മാറി വഴുവഴാന്ന് നിൽക്കാതെ- തൊറന്ന് പറ- തന്റെ നിലപാടെന്താ" സന്ദർഭം ഏത്? വിവക്ഷിതം വ്യക്തമാക്കുക.
13. "ആരാണ് മുല്ലയ്ക്ക് കാഞ്ഞവെള്ളമൊഴിക്കാൻ പോകുന്നത്?" ആരുടെവാക്കുകൾ? വിവക്ഷിതം വ്യക്തമാക്കുക.
14. "സത്തർക്കു സംശയനിവാരണയിൽ പ്രമാണം സത്യസ്വരൂപഹൃദയപ്രതിപത്തിയത്രേ" ദുഷ്ഷന്തമഹാരാജാവ് ഇപ്രകാരം പറയാനിടയായ സാഹചര്യം ഏതാണ് ?
15. 'ഭഗവാനേ ഇതൊരാശ്ശിസല്ല, വരം തന്നെയാണ്' സന്ദർഭം എഴുതുക.
16. "എങ്ങനെയെന്മതമെന്നാ-<br>ലങ്ങനെയെന്നുറയ്ക്ക നീ.." ആരുടെ വാക്കുകൾ? വ്യക്തമാക്കുക.
17. "ആധിജലധിയിൽ മുഴുകിയെൻ മാനസം<br>നാഥനാരിനിക്കെന്നധുനാ ന ജാനേ" ഈ പരാമർശത്തിന് കാരണമെന്ത് ?
18. മനുഷ്യശരീരത്തിന് സിനിമയിൽ ലഭിക്കുന്ന പ്രാധാന്യം എത്രത്തോളമാണ് ?
19. സക്കറിയയുടെ കഥയിൽനിന്ന് അടൂർ ഒഴിവാക്കിക്കളഞ്ഞ രംഗം ഏതാണ്? കാരണം എന്താവാം ?

20. ‘അയാളെ ചീത്തയാക്കിയത് നമ്മുടെയാളുകളുതന്നാ. ഓരോ കാര്യസാധ്യത്തിന് കള്ളും പെണ്ണുമൊക്കെ കൊടുത്ത്..” ആരുടെ വാക്കുകൾ? ആരെക്കുറിച്ചാണ് പറയുന്നത്? വിശദമാക്കുക.

(2 x 8 = 16)

**സി വിഭാഗം**

**ഒരുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക**

21. ‘ഒരുമധ്യവേനൽ പ്രണയരാവ്’ എന്ന നാടകത്തിൽ പക്ക് എന്നകഥാപാത്രത്തിനുള്ള സ്ഥാനം വിശകലനംചെയ്യുക.
22. “ആശാബന്ധംവിരഹക്ലേശം
വലുതെങ്കിലുംപൊറുപ്പിക്കും” സന്ദർഭവും സാർസ്യവും എഴുതുക.
23. “ചിന്തിച്ചുനിങ്ങളെയെനിക്കിനിയാധിവേണ്ടാ” ആരുടെവാക്കുകൾ ? കാരണമെന്ത്?
24. “ഒരുപോതും നിനയാതെ പെരുമാറുന്നതു മൂലം
എരിതീയിൽ പതിതനായ് വരിക വഞ്ചകനവൻ...” സാരസ്യം വ്യക്തമാക്കുക.
25. ദമയന്തിയെ സ്വന്തമാക്കാൻ കാട്ടാളൻ പറയുന്ന യുക്തികൾ എന്തെല്ലാമാണ്?
26. സിനിമ ബാഹ്യലോക യാഥാർത്ഥ്യങ്ങളുടെ മാത്രം സൃഷ്ടിയാണെന്ന് കരുതാമോ? വിശദമാക്കുക.
27. ‘പഥേർ പാഞ്ചാലി’യിൽ ദുർഗ്ഗയുടെ മരണരംഗം എപ്രകാരമാണ് ചിത്രീകരിച്ചിരിക്കുന്നത്?

(5 x 5 = 25)

**ഡി വിഭാഗം**

**രണ്ട് ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

28. നാടകത്തെപ്പറ്റിയുള്ള നാടകമാണ് ‘ഒരുമധ്യവേനൽ പ്രണയരാവ്’ എന്ന അഭിപ്രായം ശരിയോ? വിശകലനം ചെയ്യുക.

*AsÃ¦nÂ*

29. മലയാള സിനിമയിലെ അനുരൂപണങ്ങളെപ്പറ്റി ഉപന്യസിക്കുക.

30. ‘അഭിജ്ഞാനശാകുന്തളം’ എന്ന നാടകത്തിന്റെ നാലാമങ്കത്തിന് പ്രാധാന്യം നൽകുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? വിവരിക്കുക.

*AsÃ¦nÂ*

31. സങ്കീർണ്ണമായ മനോഘടനയുള്ള കഥാപാത്രങ്ങളാണ് ‘നളചരിതം ആട്ടക്കഥ’യിലുള്ളത് എന്ന അഭിപ്രായം ശരിയോ? പാഠ്യഭാഗത്തെ മുൻനിർത്തി വിവരിക്കുക. (12 x 2 = 24)

************